സംഘത്തിന്റെ നയം എന്നു പറയുന്നത് അവരവരുടെ ഭൂമിയിൽ എന്തു കൃഷി ചെയ്യണമെന്നുള്ളത് കർഷകന്റെ അവകാശമാണെന്നുള്ള നയമാണ്. എന്റെ ചോദ്യം, മൂന്നു പുക്കൃഷിയുള്ള നെടുമ്പാശ്ശേരിയിലെ ആയിരം ഏക്കർ നെൽപ്പാടങ്ങൾ നികത്തിയാണ് ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും എയർപോർട്ട് പണിഞ്ഞിരിക്കുന്നത് റവന്യൂ മിനിസ്റ്റർ ശ്രീ. കെ.ഇ. ഇസ്മയിലിന്റെ അദ്ധ്യക്ഷതയിലാണ് ഈ തവണ അത് സ്പീഡപ് ചെയ്തത്. അത് ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ്? ഈ കർഷകത്തൊഴിലാളികൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങളോ നഷ്ടപരിഹാരങ്ങളോ കൊടുത്തിട്ടുണ്ടോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഓരോ കർഷക സംഘത്തിനും വ്യത്യസ്തങ്ങളായ നയങ്ങളുണ്ട്. ഇവിടെ ഇടതുപക്ഷജനാധിപത്യമുന്നണിക്ക് ഒരു നയമുണ്ട്. ആ നയമാണ് ഈ ഗവൺമെന്റ് നടപ്പാക്കുന്നത്. അതിന്റെ ഭാഗമാണ് കൃഷിവകുപ്പ്.

ശ്രീ. ജോണി നെല്ലൂർ : സർ, ഇവിടെ നെൽക്കൃഷി വികസനത്തെക്കുറിച്ച് ബഹുമാന്യനായ മന്ത്രി പറയുകയുണ്ടായി. മന്ത്രി എന്തുതന്നെ പറഞ്ഞാലും നെൽക്കൃഷി ആദായകരമല്ലാത്ത സാഹചര്യത്തിൽ നെൽക്കൃഷിക്കാർ നെൽക്കൃഷി ഉപേക്ഷിച്ച് മറ്റ് കൃഷികളിലേയ്ക്ക് മാറിപ്പോകുകയാണ്. ഈ സാഹചര്യം കണക്കിലെടുത്ത് ഇന്ന് പച്ചക്കറി കൃഷിക്ക് ഈ ഗവൺമെന്റ് ധാരാളം പ്രോൽസാഹനം കൊടുക്കുന്നുണ്ട്. പച്ചക്കറി കൃഷിക്ക് ഒരു ഹെക്ടർ സ്ഥലത്തിന് കൊടുക്കുന്ന ആനുകൂല്യങ്ങൾ നെൽക്കൃഷിക്കുകൂടി കൊടുക്കാൻ നടപടിയെടുക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, പച്ചക്കറി കൃഷി ഇവിടെ വിപുലപ്പെടുത്തി, ശക്തിപ്പെടുത്തിക്കൊണ്ടുവരാൻ, കർഷകരെ ആ മേഖലയിലേക്ക് കൊണ്ടുവരാൻ കഴിയണം 1200 കോടി രൂപ ഒരു വർഷം നമ്മുടെ സംസ്ഥാനത്തുനിന്നും കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലേക്ക് പച്ചക്കറിക്കായി പോകുകയാണ്. അത് നമ്മുടെ സംസ്ഥാനത്തുതന്നെ ലഭ്യമാക്കുന്നതിനുവേണ്ടിയിട്ടുള്ള ഒരു പദ്ധതിയാണ്. അതിനു വേണ്ടി രൂപീകൃതമായിട്ടുള്ളത്. അതുകൊണ്ട് അത്രകണ്ട് സബ്സിഡി കൊടുത്ത് നെൽക്കൃഷി മേഖലയ്ക്ക് മുന്നോട്ടു പോകാൻ കഴിയില്ല. എന്നാൽ സാമാന്യം കർഷകർക്ക് നിൽക്കാൻ കഴിയുന്ന ചില സംവിധാനങ്ങൾ നെൽക്കൃഷി മേഖലയിൽ ഗവൺമെന്റ് കൊണ്ടുവരുന്നുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

4 (*64) അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. പി. വിശ്വൻ :

ശ്രീ. സി.പി. ബാലൻ വൈദ്യർ :

ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കാർഷികമേഖലയിൽ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ കുറഞ്ഞു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ അത്യുല്പാദനശേഷിയുള്ള ഏതെല്ലാം വിത്തിനങ്ങളാണ് ലഭ്യമാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ സുലഭമാക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും അവ യഥാസമയം കൃഷിക്കാർക്ക് വിതരണം ചെയ്യാനും ഇന്നുള്ള സംവിധാനമെന്തെന്ന് വെളിപ്പെടുത്തുമോ?

കൃഷിവകുപ്പു മന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) & (ബി) ഇല്ല, എങ്കിലും ജ്യോതി, ജയ,പൊന്നി,കൈരളി, ആതിര, നീരജ, ഉമ, റെഡ് ത്രിവേണി, ഐശ്വര്യ, കാഞ്ചന, പാലക്കാട് ജില്ലയിലെ കുഞ്ഞുകുഞ്ഞു തുടങ്ങിയവ കൂടുതലായി ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷിവകുപ്പ് ഫാമുകളിൽ കൃഷി ചെയ്ത് കൂടുതൽ വിത്തുണ്ടാക്കി രജിസ്ട്രേഡ് വിത്തുല്പാദകർ വഴി കൂടുതൽ വിത്തുല്പാദിപ്പിച്ച് നല്ലയിനം വിത്തുകൾ കർഷകർക്ക് എത്തിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി ഈ സാമ്പത്തികവർഷം നടപ്പിലാക്കുന്നതാണ്.

(ഇ) ഈ സാമ്പത്തികവർഷം 1,000 മെട്രിക് ടൺ സംഭരണശേഷിയുള്ള 3 വിത്തു സ്റ്റോറുകൾ നിർമ്മിക്കുന്നതിന് വിഭാവന ചെയ്തിട്ടുണ്ട്. മുൻ വർഷങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള വിത്ത് സ്റ്റോറുകളും ഫാമുകളിൽ സ്ഥാപിച്ചിട്ടുള്ള വിത്തു സ്റ്റോറുകളും വിത്തുകൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് ഉപയോഗിക്കുന്നു. വിത്തുശേഖരണം, വിത്തു വിതരണം തുടങ്ങിയ കാര്യങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനായി ഒരു വിത്തുവിതരണ അതോറിറ്റിക്ക് രൂപം നൽകുന്ന കാര്യം തീരുമാനിച്ചിട്ടുണ്ട്. കൃഷി ഡിപ്പാർട്ടുമെന്റ് ഫാമുകളിലും നാഷണൽ സീഡ് കോർപ്പറേഷനിൽനിന്നും വാങ്ങുന്ന വിത്തുകൾ കൃഷിഭവൻ വഴിയും രജിസ്ട്രേഡ് വിത്തുല്പാദകർ വഴി ശേഖരിക്കുന്ന വിത്തുകൾ ഗ്രൂപ്പ് ഫാമിംഗ് സമിതികൾ സഹകരണസംഘം വഴിയും വിതരണം ചെയ്യുന്നു.

5 (*65) 'ചൂരൽക്കാടുകൾ കയ്യടക്കാൻ ശ്രമം'

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ബി. വിജയകുമാർ :
ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly